## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1660 25.3.2013 ലെ മറുപടിക്ക്

## പെട്രോളിന്റെയും ഡീസലിന്റെയും നികുതികൾ

| ചോദ്യം<br>ശ്രീ. എം. എ. വാഹീദ് | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഒരു ലിറ്റർ ഡീസലിന്മേലും പെട്രോളിന്മേലും കേന്ദ്ര സർക്കാർ ചുമത്തുന്ന എക്സൈസ്, കസ്റ്റംസ് നികുതികൾ എത്ര രൂപ വീതമാണ് ; | (എ) | എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 2012 സെപ്റ്റംബർ മാസത്തെ കണക്കനുസരിച്ച് കേന്ദ്ര സർക്കാർ ഡീസലിന് ലിറ്ററിന് 2.06 രൂപയും പെട്രോൾ ലിറ്ററിന് 14.78 രൂപയുമാണ് ഈടാക്കുന്നത്. കസ്റ്റംസ് തീരുവ, ഇറക്കുമതി ചെയ്യുന്ന ക്രൂഡോയിലിന് മാത്രമാണ് ചുമത്തുന്നത്. |
| (ബി) | ഈ നികുതികൾ കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നയം പുനഃപരിശോധിക്കണമെന്നും എണ്ണവില നിയന്ത്രണാധികാരം കേന്ദ്ര ഗവൺമെന്റിൽ തന്നെ നിലനിർത്തണമെന്നും കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ടുള്ള സർക്കാർ പ്രമേയം നിയമസഭ പാസാക്കിയിരുന്നു. |
| (സി) | സംസ്ഥാന സർക്കാർ എത്ര രൂപ വീതമാണ് നികുതി ചുമത്തുന്നത് ? | (സി) | പെട്രോളിന്റെ നികുതി നിരക്ക് 22.11.2012 മുതൽ 25.68 ശതമാനവും ഡീസലിന്റേത് 16.9.2012 മുതൽ 19.80 ശതമാനവുമാണ്. |

സെക്ഷൻ ഓഫീസർ